(ബി) ഇതേവരെ നിലപാടൊന്നും സ്വീകരിച്ചിട്ടില്ല. സുപ്രീംകോടതിയിലെ കേസിൽ കേന്ദ്ര സർക്കാർ കക്ഷി ചേർന്നിട്ടില്ല.

കുത്താമ്പുള്ളിയിൽ നിന്നും കോയമ്പത്തൂർ, പൊള്ളാച്ചി, തിരുപ്പൂർ എന്നീ നഗരങ്ങളിലേയ്ക്ക് അന്തർ സംസ്ഥാന ബസ് ആരംഭിക്കുവാൻ നടപടി

217 (4006) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരമ്പരാഗത കൈത്തറി ഉത്പാദന കേന്ദ്രമായ തിരുവല്ലാമലയിലെ കുത്താമ്പുള്ളിയിൽ നിന്നും തമിഴ്നാട്ടിലെ കോയമ്പത്തൂർ, പൊള്ളാച്ചി, തിരുപ്പൂർ എന്നിവിടങ്ങളിലേക്ക് കെ.എസ്.ആർ.ടി.സി. അന്തർ സംസ്ഥാന ബസ് സർവ്വീസ് ആരംഭിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രതിദിനം നൂറുകണക്കിന് ആളുകൾക്ക് തമിഴ്നാട്ടിലെ ടി നഗരങ്ങളിൽ പോയിവരാനുണ്ടാകുന്ന യാത്രാക്ലേശം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ കുത്താമ്പുള്ളിയിൽ നിന്നും കോയമ്പത്തൂർ, പൊള്ളാച്ചി, തിരുപ്പൂർ എന്നീ നഗരങ്ങളിലേക്ക് അന്തർ സംസ്ഥാന ബസ് സർവ്വീസുകൾ ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരളവും തമിഴ്നാടും തമ്മിൽ ഉണ്ടാക്കിയിരിക്കുന്ന അന്തർ സംസ്ഥാന കരാറിൽ തിരുവിലാമലയിലെ കുത്താമ്പുള്ളിയിൽ നിന്നും, കോയമ്പത്തൂർ, പൊള്ളാച്ചി, തിരുപ്പൂർ എന്നിവിടങ്ങളിലേയ്ക്ക് സർവ്വീസ് ആരംഭിക്കുന്നതിന് വ്യവസ്ഥ ഇല്ലാത്തതിനാൽ ടി റൂട്ടുകളിൽ സർവ്വീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കുവാൻ കഴിയില്ല. എറണാകുളം, തൃശ്ശൂർ, പാലക്കാട് യൂണിറ്റുകളിൽ നിന്നും കോയമ്പത്തൂർ, പൊള്ളാച്ചി, തിരുപ്പൂർ എന്നീ സ്ഥലങ്ങളിലേയ്ക്ക് നിലവിൽ ആവശ്യത്തിന് കെ. എസ്. ആർ. ടി. സി. സർവ്വീസ് നടത്തുന്നുണ്ട്.

(ബി) ഈ റൂട്ടിൽ നിലവിൽ യാത്രാക്ലേശം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഉത്തരം എ പിരിവിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ട്രാൻസ്പോർട്ട് ഭവനിൽ പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനങ്ങളുടെ വൈദ്യുതി കണക്ഷൻ

218 (4007) ശ്രീ. അബ്ദു റഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോടികളുടെ വൈദ്യുതി കുടിശ്ശിക വരുത്തിയതിനെ തുടർന്ന് തിരുവനന്തപുരത്തെ ട്രാൻസ്പോർട്ട് ഭവനിൽ പ്രവർത്തിക്കുന്ന ചില സർക്കാർ സ്ഥാപനങ്ങളുടെ വൈദ്യുതി കണക്ഷൻ കെ.എസ്.ആർ.ടി.സി. വിച്ഛേദിക്കുകയുണ്ടായോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളുടെ വൈദ്യുതികണക്ഷനാണ് വിച്ഛേദിച്ചത് ; ഇവർ എത്ര രൂപ വൈദ്യുതി കുടിശ്ശികയായി നൽകാനുണ്ട് ; ഇത് എത്ര വർഷത്തെ കുടിശ്ശികയാണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സ്ഥാപനങ്ങളോട് കുടിശ്ശിക അടച്ചു തീർക്കാൻ കെ.എസ്.ആർ.ടി.സി. നിരന്തരം ആവശ്യപ്പെടുകയുണ്ടായോ ; എങ്കിൽ കുടിശ്ശിക അടക്കാത്തതിന്റെ കാരണമെന്തെന്ന് പരിശോധിക്കുമോ ;

(ഡി) ഇതിൽ ഏതെങ്കിലും സ്ഥാപനത്തിന്റെ കണക്ഷൻ കെ.എസ്. ആർ.ടി.സി. തന്നെ പിന്നീട് പുനഃസ്ഥാപിച്ചോ ; എങ്കിൽ ഏതു സ്ഥാപന ത്തിന്റെ ;

(ഇ) മറ്റുള്ളവയുടെ കാര്യത്തിൽ കോർപ്പറേഷന്റെ തീരുമാനമെന്ത് ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുകയുണ്ടായി.

(ബി) 1. സിവിൽ സപ്ലൈസ് കോർപ്പറേഷൻ

2. രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റ്

3. റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്

കുടിശ്ശികയുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) നിരന്തരം ആവശ്യപ്പെടുകയുണ്ടായി, എങ്കിലും കുടിശ്ശിക അടച്ചിട്ടില്ല. കുടിശ്ശിക അടയ്ക്കാത്തതിന്റെ കാരണം പരിശോധിക്കുന്നതാണ്.

(ഡി&ഇ) ആർ. ടി. ഓഫീസിന്റെ വൈദ്യുതി പുനഃസ്ഥാപിച്ചു. രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റും, സിവിൽ സപ്ലൈസ് കോർപ്പറേഷനും അടയ്ക്കുവാനുള്ള തുകയുടെ ഒരു ഭാഗം അടയ്ക്കുകയും ബാക്കി തുക ഒരു മാസത്തിനുള്ളിൽ അടയ്ക്കുകയും, പ്രത്യേക വൈദ്യുതി കണക്ഷൻ ഒരു മാസത്തിനുള്ളിൽ തന്നെ എടുത്തുകൊള്ളാമെന്നും സമ്മതപത്രം തന്നതിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി പുന:സ്ഥാപിച്ചു.

വൈദ്യുതി കണക്ഷൻ വിച്ഛേദിച്ച ട്രാൻസ്പോർട്ട് വകുപ്പിന്റെ കീഴിലെ സ്ഥാപനങ്ങൾ

219 (4008) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. പി. കെ.അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതിക്കുള്ള പണം അടച്ചില്ല എന്നതിന്റെ പേരിൽ ട്രാൻസ്പോർട്ട് ഭവനിൽ പ്രവർത്തിക്കുന്ന ഓഫീസുകളുടേയും സ്ഥാപനങ്ങളുടേയും വൈദ്യുതി കണക്ഷൻ വിച്ഛേദിച്ച സംഭവം ഉണ്ടായിട്ടുണ്ടോ ; എങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly